# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2356
# 09/12/2014 ലെ മറുപടിക്ക്

**<u>എയിഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി</u>**

| | ചോദ്യം<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ഉത്തരം<br>ശ്രീ. കെ.എം.മാണി (ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി) |
|---|---|---|
| (എ) | എയിഡഡ് സ്കൂൾ ക്ലാർക്കുമാരുടെ ഗ്രേഡ് പുനഃസ്ഥാപിച്ചു കൊണ്ട് ഇറക്കിയ ഉത്തരവിൽ ആനുകൂല്യം ലഭ്യമാക്കിയത് മുൻകാല പ്രാബല്യമില്ലാതെ, ഉത്തരവിറങ്ങിയ തീയ്യതി മുതലാണ് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഈ ഉത്തരവിന് യഥാക്രമം 1/7/2004,1/7/2009 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവ് തീയ്യതി മുതൽ മാത്രമേ പ്രാബല്യം നൽകിയിട്ടുള്ളൂ. |
| (ബി) | അനോമലി പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നത് ശമ്പള പരിഷ്കരണ തീയ്യതി മുതൽ ആയതിനാൽ എയിഡഡ് സ്കൂൾ ക്ലാർക്കുമാർക്കും മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?. | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി, ഇത്തരത്തിൽ ഗ്രേഡ് അനുവദിക്കുമ്പോൾ ഭാവിയിലുണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത മുതലായ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഇത് സർക്കാരിന്റെ വിവേചനാധികാരമാണ്. ടി ഉത്തരവ് പ്രകാരം ഉള്ള ശമ്പള നിർണയങ്ങൾ സാങ്കൽപ്പികമായാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഉത്തരവ് തീയതി മുതൽക്കേ സാമ്പത്തികാനുകൂല്യത്തിന് അർഹത കൈവരുന്നുള്ളൂ. ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് സർക്കാരിന് ഇപ്പോൾ ഉദ്ദേശ്യമില്ല. |

(signature)

അക്കൗണ്ട്സ് ഓഫീസർ